മി. സ്പീക്കർ: അയ്യന്തോൾ അശോക്നഗർ ഭവന നിർമ്മാണ പദ്ധതിയുടെ അലോട്ടികൾക്ക് ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖ നൽകുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ളതാണ് ശ്രീ. വി. വി. രാഘവന്റെ സബ്മിഷൻ. ഇത് സെപ്പറേറ്റ് ആയിട്ടുള്ള ഒറ്റയൊറ വീടുകളാണ്.

ശ്രീ. കെ. എം. മാണി: ഞാൻ അത് സ്വീകരിക്കുന്നു. ഇതിൽവന്ന കാലതാമസം ഉടനേ ഒഴിവാക്കി അലോട്ടീസിന് എത്രയുംവേഗം ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ കൊടുക്കുന്നതാണ്.

(15) ആലത്തൂർ റവന്യൂ ടവർ നിർമ്മാണം

ശ്രീ. എ വി. ഗോപിനാഥൻ: സർ, ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പലതവണ പ്രഖ്യാപനം നടത്തിയതാണ്. റവന്യൂ ടവർ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും നടത്തുന്നതിനുമുൻപുതന്നെ പഞ്ചായത്ത് ഭരണ സമിതിയും താലൂക്ക് അധികൃതരും ഗ്രാമപഞ്ചായത്തും അതിനുവേണ്ടി തയ്യാറായിട്ടുണ്ട്. പ്രസ്തുത ടവർ സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അവിടെയുള്ള ഓഫീസുകൾ ഷിഫ്റ്റ് ചെയ്യുന്നതിന് കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ ഓഫീസുകൾ ഷിഫ്റ്റ് ചെയ്താലുടനെ നമുക്ക് അതിന്റെ നിർമ്മാണജോലി ഏറ്റെടുക്കാം. ഏതായാലും അതിന്റെ നിർമ്മാണജോലി ഹൗസിംഗ് ബോർഡ് ഏറ്റെടുക്കുന്നതാണ്.

(16) പാളയം ഹനുമാൻ ക്ഷേത്രത്തിനോടുചേർന്ന സ്ഥലം സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് നൽകിയത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിൽപ്പെടുന്നതും വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2638-ൽ വികാസ്ഭവൻ ഹനുമാൻ ക്ഷേത്രത്തിന് ചേർന്നുള്ളതുമായ 12 സെൻറ് സ്ഥലം സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി ഈ സർക്കാർ സൗജന്യമായി നൽകിയിരിക്കുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറുന്നതിന് തൊട്ടുമുൻപ് 21-2-1995-ൽ ജി.ഒ. (എം. എസ്.) നമ്പർ 152/95/ആർ.ഡി. ഉത്തരവനുസരിച്ചാണ് സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് 12 സെൻറ് സ്ഥലം അനുവദിച്ചുകൊടുത്തിട്ടുള്ളത്. എന്നാൽ അവിടെത്തന്നെ സർക്കാർ 8 സെൻറ് സ്ഥലംകൂടി മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി നൽകാൻ പോവുകയാണ്. അങ്ങനെ മൊത്തം 20 സെൻറ് സ്ഥലമാണ് മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി സർക്കാർ കൊടുക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലാണ് ഹനുമാൻ ക്ഷേത്രം. ഇപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly